DESPATCHED
On 05/03/2020

03/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2957*(2)/2018*/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **15440**/എസ്.ഐ.സി-ജി 6/18)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. അസ്ഹർ അലി,
സലാമത് ഭവൻ, പന്ത്രണ്ടുമുറി,
തട്ടാമല പി.ഒ., കൊല്ലം,
പിൻ - 691 020.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20.05.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20.06.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 25.07.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 28.12.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 31.12.2018 |
| **ഹിയറിംഗ് നടന്ന തീയതി & സ്ഥലം** | **30.09.2019** കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീൽ അധീകാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.അസ്ഹർ അലി, 28.12.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 31.12.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.2957(2)/18/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടിയിലുള്ള പോരായ്മകൾ പരിഹരിച്ചു കിട്ടുന്നതിനായി സമർപ്പിച്ച ഒന്നാം അപ്പീലിന് നാളിതുവരെ മറുപടി ലഭിച്ചിട്ടില്ലെന്നും എന്നാൽ ടിയാന്റെ അപേക്ഷയിലെ 1, 5, 6 എന്നീ ഇനങ്ങൾക്ക് ലഭിച്ച മറുപടി വ്യക്തവും സത്യവുമല്ലെന്നും ആകയാൽ ടിയാന് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 29.05.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, വിവിധ ജില്ലകളിലായി ഫിറ്റർ തസ്തികകളുടെ എത്ര പോസ്റ്റുകൾ ഉണ്ടായിരുന്നുവെന്നും നിലവിൽ എത്ര ഫിറ്റർ തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ടെന്നും അവ ഏതെല്ലാം ജില്ലകളിലാണെന്നും (ഇല്ലാതാക്കിയ) ഫിറ്റർ തസ്തികകൾ ഉണ്ടെങ്കിൽ ആയതിന്റെ സർക്കുലറിന്റെയോ ഉത്തരവിന്റെയോ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നും തുടങ്ങി 9 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 20.06.2018ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിലുള്ള അപാകത ചൂണ്ടിക്കാണിച്ച് 25.07.2018ൽ ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു.

4. ഒന്നാം എതിർകക്ഷി 27.06.2019ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപ്പീലിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും ആയതിൽ ഫിറ്റർ തസ്തികയിൽ നിന്നും മറ്റൊരു തസ്തികയിലേയ്ക്ക് നിലവിലെ ഉത്തരവ് പ്രകാരം പ്രമോഷൻ ഇല്ലെന്നും ആയതിനാൽ ടി തസ്തിക പ്രമോഷൻ കാറ്റഗറിയിലെ

ഫീഡർ കാറ്റഗറികളിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും ജി.ഒ.(എം.എസ്.)നമ്പർ 05/93/എഡി തീയതി 08.01.1993 ഉത്തരവു പ്രകാരം മെക്കാനിക്/ട്രാക്ടർ, ഡ്രൈവർ എന്നീ തസ്തികകളിലേക്ക് തസ്തിക മാറ്റത്തിനുള്ള ഫീഡർ കാറ്റ ഗറിയിൽ ഫിറ്റർ തസ്തിക ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ കരട് സ്പെഷ്യൽ റൂൾസ് തയ്യാറാക്കി അംഗീകാര ത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും ആയതിൽ ടി വിഷയം ഉൾപ്പെടുത്തുന്ന കാര്യങ്ങൾ പരിശോധിക്കുന്നതിനായി ഫിറ്റർ തസ്തിക ഫീഡർ കാറ്റഗറി യിൽ ഉൾപ്പെടുത്തുവാൻ കഴിയുമോ എന്നത് കൃഷി ഡയറക്ടറേറ്റിലെ റ്റി. ജി.സെക്ഷനിലേയ്ക്കും എസ്.ഇ.സെക്ഷനിലേയ്ക്കും അപേക്ഷ നൽകാവു ന്നതാണ് എന്നുമാണ് അറിയിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 30.09.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജി ക്കാരന്റെ ഒന്നാം അപ്പീൽ തീർപ്പാക്കിയിട്ടില്ല എന്ന് കമ്മീഷനു ബോധ്യമാകു ന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാ രന്റെ അപേക്ഷയ്ക്കു മറുപടി നൽകിയിട്ടുണ്ടെന്നും ടിയാന്റെ ഒന്നാം അപ്പീൽ സംബന്ധിച്ച ഫയൽ കൈകാര്യം ചെയ്തിരുന്ന സെക്ഷൻ ക്ലാർക്ക് മാറിപ്പോയതിനാൽ അപ്പീൽ ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും ആകയാൽ മറുപടി നൽകാൻ കഴിഞ്ഞില്ലെന്നും അന്നത്തെ അപ്പീൽ അധികാരി സർവ്വീ സിൽ നിന്നും വിരമിച്ചുവെന്നുമാണ്. എന്നാൽ പരാമർശിത കാലയളവിലെ രണ്ടാം എതിർകക്ഷിയിൽ നിന്നും റിപ്പോർട്ട് വാങ്ങി രണ്ടാഴ്ചയ്ക്കകം കമ്മീഷനിൽ സമർപ്പിക്കണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം 22.10.2019ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പരാമർശിത കാലയളവിലെ അപ്പീൽ അധികാരിയായിരുന്ന ശ്രീ.ജോൺ ഫെഡറിക് സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരന്റെ അപ്പീൽ കൈകാര്യം ചെയ്യുന്ന ഫയൽ ടിയാന്റെ പരിഗണയ്ക്കായി ബന്ധപ്പെട്ട സെക്ഷനിൽ നിന്നും സമർപ്പിച്ചിരുന്നില്ലെന്നും ആയതിനാൽ അപ്പീൽ പരിഗ ണിച്ച് മറുപടി നൽകുന്നതിന് സാധിച്ചിരുന്നില്ലെന്നും ടി സാഹചര്യത്തിൽ ഹർജിക്കാരന് മറുപടി നൽകുന്നതിന് ബോധപൂർവ്വമായ വീഴ്ച വരുത്തിയി

ട്ടില്ലെന്നും മറുപടി നൽകുന്നതിന് ഉണ്ടായ കാലതാമസം ടിയാന്റെ പിഴവു കൊണ്ടു സംഭവിച്ചതല്ലെന്നുമാണ്. എന്നാൽ ഇത്തരം വീഴ്ചകൾ സംഭവിക്കാൻ പാടുള്ളതല്ലെന്നും വിവരാവകാശ നിയമപ്രകാരം ലഭ്യമാകുന്ന അപേക്ഷകൾ വളരെ ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണെന്ന് നിലവിലെ ഒന്നും രണ്ടും എതിർകക്ഷികൾക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

7. ടി നിർദ്ദേശ പ്രകാരം ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ജനുവരി 03-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/